# കള്ളന്മാരെ പേടിക്കേണ്ട; എ.ടി.എം. മാതൃകയിൽ ഗോദ്റേജിന്റെ ബാങ്ക് ലോക്കർ

**തിരുവനന്തപുരം** ▸ കള്ളന്മാരെ പേടിക്കാതെ ബാങ്ക് ലോക്കറിൽ വിലപിടിപ്പുള്ള വസ്തുക്കൾ സുക്ഷിക്കാവുന്ന സംവിധാനം ഗോദ്റേജ് അവതരിപ്പിച്ചു. ഉപഭോക്താവിനുതന്നെ പ്രവർത്തനം നിയന്ത്രിക്കാവുന്ന, 24 മണിക്കൂറും പ്രവർത്തിക്കുന്ന, എ.ടി.എം. മാതൃകയിലുള്ള ലോക്കർ സംവിധാനമാണ് അവതരിപ്പിച്ചത്.

ഏതുസമയവും ബാങ്കിലെത്തി സ്വന്തം ലോക്കർ തുറന്ന് വസ്തുക്കൾ നിക്ഷേപിക്കാൻ അവസരമൊരുക്കുന്ന 'ഓട്ടോ വോൾട്ട്' എന്ന സംവിധാനമാണ് ഗോദ്റേജ് വിപണിയിലവതരിപ്പിച്ചത്. റോബോട്ടിക് സംവിധാനത്തോടെയാണ് ഇതിൻെറ പ്രവർത്തനം. എ.ടി.എം. കാർഡ് പോലുള്ള അതിസുരക്ഷാ കാർഡ് ഉപയോഗിച്ച് ഉപഭോക്താവിനു തങ്ങളുടെ ലോക്കർ എപ്പോഴും ഉപയോഗിക്കാൻ കഴിയുമെന്ന് ഗോദ്റേജ് സെക്യൂരിറ്റി സൊല്യൂഷൻസ് വൈസ് പ്രസിഡൻറും ബി.ടു.ബി. ഹെഡുമായ പുഷ്കർ ഗോഖലെ പത്രസമ്മേളനത്തിൽ പറഞ്ഞു.

ഗുജറാത്തിലും മഹാരാഷ്ട്രയിലും ചില സഹകരണ ബാങ്കുകൾ ഈ സംവിധാനം ഉപയോഗിച്ചിട്ടുണ്ടെന്നും കേരളത്തിലെ ചില സഹകരണ ബാങ്കുകളിൽ ഉടൻ ഇവ സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കള്ളനെ കുടുക്കാനുള്ള പുതിയതരം ലോക്കറും ഗോദറേജ് വിപണിയിലെത്തിച്ചിട്ടുണ്ട്. ഉടമസ്ഥനല്ലാതെ മറ്റാരെങ്കിലും ലോക്കർ തുറക്കാൻ ശ്രമിച്ചാൽ താനേ അലാറം മുഴങ്ങുകയും നേരത്തെതന്നെ സെറ്റ് ചെയ്തുവച്ചിരിക്കുന്ന മൊബൈൽ ഫോണുകളിലേക്ക് അപകടസൂചനാ സന്ദേശമയയ്ക്കുകയും ചെയ്യും. കൂടാതെ ലോക്കറിൽത്തന്നെ സജ്ജീകരിച്ചിരിക്കുന്ന സിലിൻഡറിൽനിന്നു പുകയുയർന്ന് കള്ളനെ കുടുക്കുകയും ചെയ്യും. തെറ്റായ പാസ്‌വേഡ് ഉപയോഗിച്ച് ലോക്കർ തുറക്കാൻ ശ്രമിച്ചാലും ഉടമയ്ക്കു സന്ദേശം ലഭിക്കും. ജൂവലറികൾക്കും പണമിടപാട് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഉപയോഗിക്കാൻ തരത്തിലുള്ളതാണ് 'ഡിഫൻഡർ പ്രൈം ന്യൂട്രേണിക്സ് സെയ്ഫ്' എന്ന ഇതിൻെറ നിർമാണം.